<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒമ്പതാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5104</u>  <u>02.07.2013-ൽ മറുപടിയ്ക്ക്</u>

<u>പവർകട്ട്, ലോഡ്ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയ ദിവസങ്ങൾ.</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ദിവസങ്ങളിൽ പവർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | നിലവിലുള്ള സർക്കാർ അധികാര മേറ്റ ശേഷം നാളിതുവരെ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മൺസൂൺ മഴയുടെ അഭാവം മൂലം ജലവൈദ്യുതോല്പാദനത്തി ലുണ്ടായ കുറവു മൂലവും, പുറമേ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ (Tansmission Corridor) ലഭ്യതയില്ലായ്മയും കൂടംകുളം തുടങ്ങിയ കേന്ദ്ര നിലയങ്ങൾ കമ്മീഷൻ ചെയ്യാൻ ഉണ്ടായ കാലതാമസം മൂലം കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവും നിമിത്തം, സംസ്ഥാനത്ത് 02-04-2012 മുതൽ 22-05-2012 വരെയും 27-09-2012 മുതൽ 15-06-2013 വരെ ലോഡ് ഷെഡ്ഡിംങ്ങും, 15-12-2012 മുതൽ 31-05-2013 വരെ വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണങ്ങളും വരുത്തിയിരുന്നു.<br>സംസ്ഥാനത്ത് ഏർപ്പെടുത്തിയിരുന്ന ലോഡ് ഷെഡ്ഡിങ്ങിൻെറ വിവരം താഴെ കൊടുത്തിരിക്കുന്നു. |

| കാലയളവ് | | രാവിലെ | പകൽ സമയം | രാത്രികാലം |
|---|---|---|---|---|
| ആരംഭിച്ച തീയതി | അവസാനിച്ച തീയതി | | | |
| 02-04-2012 | 22-05-2012 | ഇല്ല | ഇല്ല | 6.30 മുതൽ 10.30 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) |
| 27-09-2012 | 02-12-2012 | 6 മണി മുതൽ 9 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) | ഇല്ല | 6.30 മുതൽ 10.30 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) |
| 03-12-2012 | 20-01-2013 | 6 മണി മുതൽ 9 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) | ഇല്ല | 6.00 മണി മുതൽ 10.00 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) |
| 21-01-2013 | 01-03-2013 | 6. മണി മുതൽ 9 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) | ഇല്ല | 6.30 മുതൽ 10.30 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) |
| 24 03 2013 | 17-04-2013 | 6.മണി മുതൽ 9 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) | ഇല്ല | 6.30 മുതൽ 10.30 വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ് |

| | | | | |
|---|---|---|---|---|
| 18-04-2013 | 11-06-2013 | ഇല്ല | രാവിലെ 9.മണി മുതൽ വൈകുന്നേരം 5 മണി വരെ (1 മണിക്കൂർ സൈക്ളിക് ലോഡ്ഷെഡിംഗ്) | 7 പി. എം. മുതൽ 11 പി. എം. വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെ ഡിംഗ്) |
| 12-06-2013 | 15-06-2013 | ഇല്ല | ഇല്ല | 7 പി. എം. മുതൽ 11 പി.എം. വരെ (1/2 മണിക്കൂർ സൈക്ളിക് ലോഡ്ഷെ ഡിംഗ്) |
| 16-06-2013 | | ഇല്ല | ഇല്ല | ഇല്ല |

എസ്. എസ്. എൽ. സി., സി. ബി. സി. ഇ, ഹയർ സെക്കൻററി പരീക്ഷകൾ പ്രമാണിച്ച് 02-03-2013 മുതൽ 23-03-2013 വരെ, സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയിരുന്നു. സംസ്ഥാനത്ത് നിലനിന്നിരുന്ന വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, 2012 ഏപ്രിൽ-മെയ് മാസങ്ങളിൽ HT, EHT, LT.II, IV, VI(A), VI (B), VI (C), VII (A), VII (B), VII (C) തുടങ്ങിയ ഉപഭോക്താക്കൾക്ക്, വൈദ്യുതി ഉപയോഗത്തിൽ 10 ശതമാനം നിയന്ത്രണവും, ഗാർഹിക ഉപഭോക്താക്കളുടെ രണ്ടുമാസത്തെ ഉപയോഗം 600 യൂണിറ്റായി പരിമിതപ്പെടുത്തിയിരുന്നു. കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും 10/- രൂപ വീതം ഈടാക്കുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കാരണം 15-12-2012 മുതൽ 31-05-2013 വരെ, വിവിധ വിഭാഗം ഉപഭോക്താക്കൾക്ക്, താഴെ വിവരിക്കുന്ന രീതിയിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. നിയന്ത്രണ പരിധിക്കു മുകളിലുള്ള ഉപയോഗത്തിന്, നിലവിലുള്ള ചാർജ്ജുകൾക്കു പുറമേ, എനർജി ചാർജ്ജ് കൂടി പെനാൽറ്റിയായി ഈടാക്കി വന്നിരുന്നു.

1) ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത എച്ച്. റ്റി, ഇ. എച്ച്.റ്റി ഉപഭോക്താക്കൾ അവരുടെ ഉപയോഗം 75% ആയി പരിമിതപ്പെടുത്തുകയും, അതിൽ കൂടുതലായി വരുന്ന ഉപയോഗത്തിന്, ഓരോ യൂണിറ്റിനും നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ്ജ് കൂടി പെനാൽറ്റിയായി ഈടാക്കി വന്നിരുന്നു.
2) ലോഡ്ഷെഡ്ഡിംഗ് ഉള്ള HT, EHT, LT.II, IV, VI(A), VI (B), VI (C), VII (A), VII (B), VII (C) തുടങ്ങിയ ഉപഭോക്താക്കൾ അവരുടെ ശരാശരി ഉപയോഗം 80% ആയി നിജപ്പെടുത്തുകയും, അതിൽ കൂടുതൽ വരുന്ന ഉപഭോഗത്തിന്, ഓരോ യൂണിറ്റിനും നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ്ജ് കൂടി പെനാൽറ്റിയായി ഈടാക്കി വന്നിരുന്നു.
3) എല്ലാ ഗാർഹിക ഉപഭോക്താക്കളും അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി പരിമിതപ്പെടുത്തുകയും, അതിൽ കൂടുതൽ വരുന്ന ഉപഭോഗത്തിന്, ഓരോ യൂണിറ്റിനും നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ് കൂടി പെനാൽറ്റിയായി ഈടാക്കി വന്നിരുന്നു.

സെക്ഷൻ ഓഫീസർ.